# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 30/01/ 2020

## വിശിഷ്ട സേവനത്തിന്നുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡൽ മുൻ കൊല്ലം സിറ്റി ഭരണ വിഭാഗം മേധാവിക്ക്

കൊല്ലം : വിശിഷ്ട സേവനത്തിന് കരുനാഗപ്പള്ളി ആദിനാട് സ്വദേശിയായ ഡി. വൈ.എസ്സ്.പി. എൻ. രാജന് 2020 ലെ രാഷ്ട്രപതിയുടെ പോലീസ് മെഡൽ ലഭിച്ചു. നിലവിൽ കോട്ടയം വിജിലൻസ് ഡി.വൈ.എസ്സ്.പിയാണ്. കൊല്ലം സിറ്റി ഭരണവിഭാഗം എ.സി.പി. ആയി പ്രവർത്തിച്ചിരുന്ന കാലയളവിൽ നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾ കൊല്ലം നിവാസികൾക്ക് സ്മരണീയമാണ്. ജില്ലയിലെ അവശതയനുഭിവിക്കുന്ന പാവപ്പെട്ട ജനങ്ങൾക്ക് പോലീസ് സേനയിലെ സേവന സന്നദ്ധരായ ഉദ്യോഗസ്ഥരിൽ നിന്നും സ്വീകരിക്കുന്ന സഹായങ്ങൾ ക്രോഡീകരിച്ച് ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ 'സാന്ദ്രം' പദ്ധതി ആയിരക്കണക്കിന് ആളുകൾക്ക് സഹായമായിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായി ജനമൈത്രി ബീറ്റ് സംവിധാനത്തിന്റെ ഭാഗമായ ഭവന സന്ദർശനം കൊല്ലം സിറ്റി ജില്ലയിലെ മുഴുവൻ വീടുകളിലും എത്തിക്കുന്നത് രാജൻ അഡ്മിന്സ്ട്രേഷൻ എ.സി.പി ആയിരിക്കുമ്പോളാണ്. സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതിയുടെ ചുമതല വഹിച്ച് വരവേ രോഗബാധിതയായ മങ്ങാട് ഗവ. ഹൈസ്ക്കൂൾ വിദ്യാർത്ഥിനിക്ക് ഒന്നര ലക്ഷം രൂപാ സ്വരൂപിച്ച് നൽകി റീജിയണൽ ക്യാൻസർ സെന്ററിലെ ചികിത്സ തുടരുന്നതിന് സഹായിക്കുകയും, കൊല്ലം സിറ്റി പോലീസ് ഓഫീസിന് ഐ.എസ്സ്.ഓ അംഗീകാരം ലഭിക്കുന്നതും, കൊല്ലം സിറ്റി പരിധിയിൽ സംസ്ഥാനത്തിന് തന്നെ മാതൃകയായ സീനിയർ സിറ്റി





സൺ ഹോട്ട്ലൈൻ സിസ്റ്റം പ്രാവർത്തികമാക്കുന്നതും രാജന്റെ കാലയളവിലാണ്. കൊല്ലം സിറ്റി പോലീസിൽ നടപ്പിലാക്കിയ മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങൾ കൂടി കണക്കിലെടുത്താണ് രാഷ്ട്രപതിയുടെ പോലീസ് മെഡലിന് അർഹമായത്. രാഷ്ട്രതന്ത്രത്തിൽ ബിരുദാനന്തര ബിരുദവും ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസിൽ ബിരുദവും നേടിയ രാജൻ 1995 ലാണ് കേരള പോലീസിൽ സബ്ബ് ഇൻസ്പെക്ടറായി ജോലിയിൽ പ്രവേശിച്ചത്. വിശിഷ്ട സേവനത്തിന് 2018 ലെ മുഖ്യമന്ത്രിയുടെ പോലീസ് മെഡലും ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന് ലഭിച്ച അംഗീകരത്തിൽ സിറ്റി ജില്ലയിലെ പോലീസുദ്യോഗസ്ഥരും ജന്മഗ്രാമത്തിലെ ജനങ്ങളും ആഹ്ലാദത്തിലാണ്.